**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1036** **29-08-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര ഡാം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര ഡാമിന്റെ സൗന്ദര്യവൽക്കരണത്തിനും, അടിസ്ഥാനസൗകര്യ വികസനത്തിനുമായി നടത്തുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും, അവയുടെ ഫണ്ട് വിവരങ്ങളും, ചെലവഴിച്ച തുകയെ സംബന്ധിച്ച വിവരങ്ങളും, നിലവിലെ പ്രവർത്തന പുരോഗതിയും അറിയിക്കാമോ; | (എ) | **അരുവിക്കര ഡാമിന്റെ സൗന്ദര്യ വൽക്കരണത്തിനായി 15 കോടിയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. അരുവിക്കര ഡാമിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി "Modernization of Aruvikkara pumping station" എന്ന ഹെഡിൽ ഉൾപ്പെടുത്തി 10 കോടിയുടെ ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.**<br><br>1. **പ്ലാന്റുകളിലെ പഴയ പമ്പുകളെല്ലാം മാറ്റി പുതിയ പമ്പുകൾ സ്ഥാപിച്ചു.**<br>2. **പ്ലാന്റിന്റെ പരിസരങ്ങൾ വൃത്തിയാക്കുകയും നവീകരിക്കുകയും ചെയ്തു.**<br>3. **പുതിയ control room സ്ഥാപിച്ച്, മുഴുവൻ സമയം CCTV ക്യാമറകൾ വഴി ഡാമും പരിസരവും നിരീക്ഷണത്തിലാക്കി.**<br>4. **പുതിയ ക്യാൻറീൻ ബിൽഡിംഗ് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.**<br><br>**ഇതു കൂടാതെ State Plan 2022-23 ന്റെ ഭാഗമായി താഴെ പറഞ്ഞിട്ടുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.**<br><br>1. **അരുവിക്കര ഡാമിന്റെ ജലാശയത്തിനു ചുറ്റും ഏകദേശം ഒരു കിലോമീറ്റർ നീളത്തിൽ സംരക്ഷണ വേലി നിർമ്മാണം (142 ലക്ഷം രൂപ)**<br>2. **അരുവിക്കര ഡാമിന്റെ ഷട്ടറുകൾ മാറ്റി നവീകരിക്കുക, ഡാമിന്റെ മറ്റ് ഭാഗങ്ങൾ അറ്റകുറ്റപണികൾ ചെയ്ത് നവീകരിക്കുക, പുതിയ ടോയ് ലറ്റ് നിർമ്മിക്കുക (5 കോടി രൂപ)**<br>3. **48 MLD ജല ശുദ്ധീകരണ ശാലയുടെ filter bed ന്റെ നവീകരണ പ്രവർത്തനങ്ങൾ (40** |

| | | | |
|---|---|---|---|
| | | | **ലക്ഷം രൂപ)**<br><br>**മേൽപ്പറഞ്ഞ പദ്ധതികളുടെ പ്രവൃത്തികൾ സമയബന്ധിതമായി പുരോഗമിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ കണക്കിലെടുത്തും, തീർത്ഥാടന കേന്ദ്രമെന്ന പ്രധാന്യം മുൻനിർത്തിയും കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന സ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങളും വികസന പ്രവർത്തനങ്ങളും നടത്തുന്നതിനായി ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ? | (ബി) | **അരുവിക്കര ഡാമിന്റെ സൗന്ദര്യ വൽക്കരണവും ടൂറിസം വികസനവും ലക്ഷ്യമിട്ട് 15 കോടി രൂപയുടെ Project Report തയ്യാറാക്കി വരുകയാണ്.** |

സെക്ഷൻ ഓഫീസർ